**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **12-07-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുവാനായി ശുചിത്വസാഗരം സുന്ദര തീരം പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് കടലും തീര പ്രദേശവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുവാനായി 'ശുചിത്വ സാഗരം സുന്ദര തീരം' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി 3 ഘട്ടമായാണ് നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികൾ ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, അച്ചടി, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, സിനിമ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ പ്രചാരണവും, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതുമാണ് ഒന്നാം ഘട്ടം.<br><br>രണ്ടാം ഘട്ടത്തിൽ 590 കിലോ മീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് സെപറ്റംബർ 18 ന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിയ്ക്കും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കും. ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കും. ഇങ്ങനെ സംഭരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരം ക്ലീൻ കേരള മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കും. |

| | | | |
|---|---|---|---|
| | | | 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട് അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റ് വാങ്ങി ക്ലീൻ ചെയ്ത് റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോക ശ്രദ്ധ പിടിച്ച് പറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിയ്ക്കുന്ന മറ്റ് ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിയ്ക്കുന്നതാണ് മൂന്നാം ഘട്ടത്തിൽ നടത്തുന്നത്. ഇത് കൂടാതെ കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർ ബോധവൽക്കരണം നടപ്പാക്കുകയും പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിയ്ക്കുന്ന തരത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിയ്ക്കുകയും ചെയ്യും. |
| (ബി) | കടലിൽനിന്നും തീരപ്രദേശങ്ങളിൽനിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് പുനരുപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; സർക്കാരിതര സംഘടനകളെയും പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമാക്കുമോ; | (ബി) | ഉണ്ട് . പുനരുയോഗിക്കാവുന്ന പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി മുഖേന സംസ്കരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത് . സർക്കാർ, സർക്കാരിതര സംഘടനകൾ, നാഷണൽ സർവ്വീസ് സ്കീം , എൻ .സി .സി , ഹരിത കർമ്മസേന , കുടുംബശ്രീ ,യൂത്ത് ക്ലബ്ബുകൾ, സാഫ് , സേവ, എൻ.ആർ.ഇ. ജി.പി , ഡൈവേഴ്സ് അസോസിയേഷൻ, മത്സ്യത്തൊഴിലാളി സംഘടനകൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ബോട്ടുടമ സംഘടനകൾ , കടലോര ജാഗ്രതാ സമിതികൾ, ശുചിത്വ മിഷൻ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജന - മഹിളാ- വിദ്യാർത്ഥി സംഘടനകൾ , നെഹ്റു യുവകേന്ദ്ര , ക്ലീൻ കേരള മിഷൻ , സ്റ്റേറ്റ് യൂത്ത് കമ്മീഷൻ, സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ് , വിവിധ മത സംഘടനകളുടെ യുവജന- മഹിളാ സംഘടനകൾ തുടങ്ങിയവർ ഈ ഉദ്യമത്തിന്റെ ഭാഗമാണ് . |
| (സി) | കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കി സംരക്ഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട് . പ്ലാസ്റ്റിക് മുക്ത കടലോര ക്യാമ്പയിനിൽ സംസ്ഥാനാടി സ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തി കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്ന ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ തെരഞ്ഞെടുത്ത് ബഹു. |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫിയും 5 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും നൽകുന്നതായിരിക്കും. അതോടൊപ്പം 9 മറൈൻ ജില്ലകളിൽ നിന്നും മികച്ച പ്രവർത്തനം നടത്തുന്ന ജില്ലാ പഞ്ചായത്തിനെ തെരഞ്ഞെടുത്ത് 5 ലക്ഷം രൂപ ക്യാഷ് അവാർഡും എവർ റോളിംഗ് ട്രോഫിയും നൽകുന്നതാണ്. മികച്ച നിലയിൽ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന ആക്ഷൻ ഗ്രൂപ്പിന് / ഗ്രൂപ്പുകൾക്ക് 50,000/- രൂപ ക്യാഷ് അവാർഡ് നൽകും. |

സെക്ഷൻ ഓഫീസർ